# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 109 | 21.03.2013 ൽ - മറുപടിക്ക്

### വാധ്വാ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ

**ചോദ്യം**

ശ്രീ. പി. ഉബൈദുള്ള :
,, കെ. എൻ.എ. ഖാദർ :
,, പി. ബി. അബ്ദുൾ റസാക് :
,, എൻ.എ. നെല്ലിക്കുന്ന് :

(എ) റേഷൻ കടകൾ സർക്കാർ ഏറ്റെടുക്കണമെന്ന വാധ്വാ കമ്മിറ്റി റിപ്പോർട്ടിൽ എന്തെല്ലാം ശുപാർശകളാണ് ഉള്ളത്;

(ബി) പ്രസ്തുത ശുപാർശകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ആയത് സംബന്ധിച്ച് സർക്കാർ എടുത്ത നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി)

(എ) (ബി) & (സി) റേഷൻകടകൾ സർക്കാർ ഏറ്റെടുക്കണമെന്ന് ശുപാർശ ചെയ്തിട്ടില്ല. വാധ്വാ കമ്മിറ്റി റിപ്പോർട്ടിൽ പൊതുവിതരണ സമ്പ്രദായം സുതാര്യമാക്കുന്നതിനും നിലവിലുള്ള കരിഞ്ചന്തയും, പൂഴ്ത്തിവയ്പ്പും തടയുന്നതിനും ഇപ്പോൾ നിലവിലുള്ള സംവിധാനങ്ങൾക്ക് ഏതു രീതിയിൽ പരിഷ്കരണം നൽകാം എന്നുമാണ് പ്രതിപാദിച്ചിരിക്കുന്നത്. റേഷൻ മൊത്തവ്യാപാര ഡിപ്പോകൾ സപ്ലൈകോയെ ഏൽപ്പിക്കണമെന്നും എ.ആർ.ഡി. കളുടെ നിലവിലുള്ള നിയമന രീതി നിർത്തലാക്കി അഞ്ചു വർഷത്തിലൊരിക്കൽ പുതിയ വിജ്ഞാപനം സ്വീകരിച്ച് പുതിയ ലൈസൻസിയെ നിയമിക്കാനും, നിലവിലുള്ള അനന്തരാവകാശി നിയമനം നിർത്തലാക്കാനും ശുപാർശ ചെയ്തിട്ടുണ്ട്. റേഷൻ കടകൾ വഴി നോൺ പി.ഡി.എസ്. സാധനങ്ങൾ വിതരണം നടത്താൻ അനുമതി നൽകിയാൽ റേഷൻകടകൾ ഇപ്പോൾ നേരിടുന്ന സാമ്പത്തിക പ്രശ്നം ഒഴിവാക്കാൻ കഴിയുമെന്നും ശുപാർശ ചെയ്തിരിക്കുന്നു. നയപരമായ തീരുമാനം ആവശ്യമായ ഇക്കാര്യത്തിൽ ഇതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ